# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE:29-05-2024**

1. സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുന്നു. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരളത്തിൽ കാലവർഷം അടുത്ത് 24 മണിക്കൂറിനുള്ളിൽ എത്തിച്ചേരും.

2. കനത്തമഴയിൽ തിരുവനന്തപുരത്തും, കൊച്ചിയിലും വെള്ളക്കെട്ട് രൂക്ഷം. കൊച്ചിയിൽ വെള്ളക്കെട്ട് രൂക്ഷമായി തുടരുന്നതിൽ, അധികൃതർക്കൊപ്പം ജനങ്ങൾക്കും ഉത്തരവാദിത്വമുണ്ടെന്ന് ഹൈക്കോടതി.

3. ലോക്സഭ തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ പ്രക്രിയക്കുള്ള ഒരുക്കങ്ങളുടെ അവലോകനം സംസ്ഥാനത്ത് പൂർത്തിയായതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.

4. പരിഷ്കരിച്ച സ്കൂൾ പാഠപുസ്തകങ്ങളുടെയും, സൗജന്യ കൈത്തറി യൂണിഫോമിന്റെയും സംസ്ഥാനതല വിതരണ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

5. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സംസ്ഥാനത്ത് 9 റാപ്പിഡ് റെസ്പോൺസ് ടീമുകൾ കൂടി രൂപീകരിക്കാൻ മന്ത്രിസഭാ തീരുമാനം.

RNUTVPM

************************************

## ഹെഡ്‌ലൈൻ-1

**മഴ**

സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുന്നു. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത നൽകി. തൃശൂർ, മുതൽ കാസർഗോഡ് വരെയുള്ള ഏഴ് ജില്ലകളിൽ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. നാളെയും തിരുവനന്തപുരം മുതൽ കോഴിക്കോട് വരെയുള്ള 11 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരളത്തിൽ കാലവർഷം അടുത്ത് 24 മണിക്കൂറിനുള്ളിൽ എത്തിച്ചേരുമെന്നും കാലാവസ്ഥാ വകുപ്പ് വ്യക്തമാക്കി. കേരള തീരത്ത് ശക്തമായ പടിഞ്ഞാറൻ കാറ്റ് നിലനിൽക്കുന്നതിനാൽ ജൂൺ രണ്ട് വരെ ശക്തമായ മഴ തുടരും. തെക്കൻ കേരളതീരം, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും കർശന മുന്നറിയിപ്പുണ്ട്. കേരള, തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും, കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണം.

RNU TVPM

****************************************

## ഹെഡ്‌ലൈൻ-2

**മഴ - തിരുവനന്തപുരം**

തിരുവനന്തപുരം ജില്ലയിൽ അതിശക്തമായ മഴ തുടരുന്നു. മണിക്കൂറുകളോളം നീണ്ട മഴയെ തുടർന്ന് നഗരത്തിൻറെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. പട്ടം, കണ്ണമ്മൂല വാർഡുകളിൽ തോട് കരകവിഞ്ഞൊഴുകി സമീപ പ്രദേശങ്ങളിലെ വീടുകളിൽ വെള്ളം കയറി. തമ്പാനൂരിൽ വെള്ളക്കെട്ടിനെ തുടർന്ന് ഗതാഗതം തടസ്സപ്പെട്ടു.

കിഴക്കേകോട്ടയിലും വെള്ളക്കെട്ട് രൂക്ഷമാണ്. ആമയിഴഞ്ചാൻ തോട് കരകവിഞ്ഞു ഒഴുകുകയാണ്. പഴവങ്ങാടിയിൽ നിരവധി കടകളിൽ വെള്ളം കയറി. തേക്കുംമൂട്, ഗൗരീശപട്ടം മേഖലയിലും രൂക്ഷമായ വെള്ളക്കെട്ടാണ് അനുഭവപ്പെടുന്നത്.

**************************************

ഹെഡ്‌ലൈൻ-2എ

**കൊച്ചി - മഴ**

കൊച്ചിയിൽ ഇന്നുച്ച മുതൽ ആരംഭിച്ച ശക്തമായ മഴ തുടരുകയാണ്. നഗരത്തിലെ പല താഴ്ന്ന പ്രദേശങ്ങളും വെള്ളത്തിനടിയിലാണ്. ചിലയിടങ്ങളിൽ വീടുകളിലും, ജനവാസമേഖലകളിലും വെള്ളം കയറിയിട്ടുണ്ട്. രൂക്ഷമായ ഗതാഗതകുരുക്കും പലസ്ഥലങ്ങളിലും അനുഭവപ്പെടുന്നു. ഇടപ്പള്ളി, തൃക്കാക്കര, വാഴക്കാല, കളമശ്ശേരി, കലൂർ, പനമ്പള്ളി നഗർ, കെഎസ്ആർടിസി സ്റ്റാൻഡ് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കനത്ത വെള്ളക്കെട്ടാണ് അനുഭവപ്പെടുന്നത്.

RNUTVPM

**************************************

ഹെഡ്‌ലൈൻ-2ബി

**ഹൈക്കോടതി - കൊച്ചി**

കൊച്ചിയിലെ വെള്ളക്കെട്ട് രൂക്ഷമായി തുടരുന്നതിൽ, അധികൃതർക്കൊപ്പം ജനങ്ങൾക്കും ഉത്തരവാദിത്വമുണ്ടെന്ന് ഹൈക്കോടതി. ടൺ കണക്കിന് മാലിന്യങ്ങളാണ് കാനകളിൽ നിന്നും മറ്റും നീക്കം ചെയ്യുന്നത്. കാനകൾ അടിക്കടി ശുചിയാക്കുന്ന കാര്യത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് കോടതി നിരീക്ഷിച്ചു. ഇടപ്പള്ളിയിൽ കഴിഞ്ഞ ദിവസം ഉണ്ടായ വെള്ളക്കെട്ടിന് കാരണം തോട് നവീകരിക്കുന്നതിൽ വരുത്തിയ വീഴ്ചയാണെന്ന് അമിക്കസ് ക്യൂറി കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന്, ഇക്കാര്യത്തിൽ ഉടൻ

ഇടപെടാൻ ഹൈക്കോടതി ഇറിഗേഷൻ വകുപ്പിന് നിർദ്ദേശം നൽകി.

**************************************

**ആലപ്പുഴ - മഴ (ഇൻട്രോ)**

ആലപ്പുഴ ജില്ലയിൽ മഴക്കെടുതി രൂക്ഷമായി തുടരുന്നു. രാവിലെ പെയ്ത കനത്ത മഴയിൽ നിരവധി വീടുകളാണ് വെള്ളത്തിനടിയിലായത്. ദേശീയ പാതയിൽ ഉൾപ്പെടെ വെള്ളം കയറിയതിനെ തുടർന്ന് ഗതാഗതം തടസ്സപ്പെട്ടു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ...**

(വോയിസ്)

RNU TVPM

**************************************

**കോട്ടയം മഴ ഇൻട്രോ**

കോട്ടയം ജില്ലയിൽ മഴ വീണ്ടും ശക്തി പ്രാപിക്കുന്നു. നേരത്തെ ഉരുൾപ്പൊട്ടൽ ഉണ്ടായ പ്രദേശങ്ങളിൽ ജാഗ്രത തുടരുകയാണ്. 398 പേരെ സുരക്ഷിതകേന്ദ്രങ്ങളിലേക്ക് മാറ്റി. ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണം 17 ആയി

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ല പ്രതിനിധി ടോം മാത്യു.**

(വോയിസ്)

**************************************

**മലപ്പുറം - മുങ്ങിമരണം**

മലപ്പുറം വേങ്ങരയിൽ കുളത്തിൽ കുളിക്കാൻ ഇറങ്ങിയ 15കാരൻ മുങ്ങി മരിച്ചു. ചെട്ടിപ്പടി പുഴക്കകലത്ത്

സൈതലവിയുടെ മകൻ ഷാനാണ് മരിച്ചത്. വിദ്യാർത്ഥികൾ അടങ്ങുന്ന സംഘത്തിനൊപ്പം എത്തിയതായിരുന്നു കുട്ടി.

**************************************

ഹെഡ്‌ലൈൻ-3

**വോട്ടെണ്ണൽ -ഒരുക്കം**

ലോക്സഭ തിരഞ്ഞെടുപ്പിന്റെ വോട്ടണ്ണൽ പ്രക്രിയക്കുള്ള ഒരുക്കങ്ങളുടെ അവലോകനം സംസ്ഥാനത്ത് പൂർത്തിയായതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ. ജൂൺ നാലിനാണ് വോട്ടെണ്ണൽ. തിരഞ്ഞടുപ്പ് കമ്മീഷൻ നിർദേശിച്ച 21 പോയിന്റുകളുടെ അടിസ്ഥാനത്തിലുള്ള അവലോകനമാണ് പൂർത്തിയാക്കിയത്. 20 ലോക്സഭ മണ്ഡലങ്ങളിലെയും സ്ട്രോങ് റൂമുകളിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശപ്രകാരമുള്ള ത്രിതല സുരക്ഷാ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. എല്ലാ കേന്ദ്രങ്ങളിലും അഗ്നിരക്ഷാ സൗകര്യങ്ങളും ഫയർഫോഴ്സിന്റെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്. വോട്ടെണ്ണൽ ജീവനക്കാർക്കുള്ള ആദ്യഘട്ട പരിശീലനവും പൂർത്തിയായി. അവസാനഘട്ട പരിശീലനം ജൂൺ 1ന് നടക്കും.

RNU TVPM

**************************************

**ഏഴാം ഘട്ടം**

ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം നാളെ അവസാനിക്കും. 57 മണ്ഡലങ്ങളിലാണ് ജൂൺ ഒന്നിന് അവസാന ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. റാലികളിലും പൊതുസമ്മേളനങ്ങളിലും പങ്കാളിത്തം ഊർജ്ജിതമാക്കിയിരിക്കുകയാണ് ദേശീയ നേതാക്കളും താരപ്രചാരകരും. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് ഒഡീഷയിലും പശ്ചിമബംഗാളിലും പ്രചാരണ പരിപാടികളിൽ പങ്കെടുത്തു.

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ ഒഡീഷയിൽ നടന്ന തിരഞ്ഞെടുപ്പ് യോഗങ്ങളിൽ സംബന്ധിച്ചു.

**************************************

## ഹെഡ്‌ലൈൻ-4

### മുഖ്യമന്ത്രി

പുതിയ പാഠ്യപദ്ധതി പ്രകാരം തയ്യാറാക്കിയ പാഠപുസ്തകങ്ങളുടെ സംസ്ഥാനതല വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. കൈത്തറി യൂണിഫോമുകളുടെ വിതരണോദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു. പൊതുവിദ്യാഭ്യാസ മേഖലയെ കൂടുതൽ കരുത്തുറ്റതാക്കുന്ന പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. 2007-ന് ശേഷമുള്ള സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണമാണ് ഇത്തവണ നടപ്പാക്കുന്നത്. 13,000-ത്തോളം പൊതുവിദ്യാലയങ്ങളിലായി ഏകദേശം 45 ലക്ഷം കുട്ടികൾക്കാണ് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നത്.

RNU TVPM

**************************************

## ഹെഡ്‌ലൈൻ-5

### മന്ത്രി സഭാ യോഗം

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 9 റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. പാലോട്, തെന്മല, വണ്ടൻപതാൽ, കടലാർ, കോതമംഗലം, പാലപ്പിള്ളി, കൊല്ലങ്കോട്, കരുവാരക്കുണ്ട്, മാനന്തവാടി എന്നിവിടങ്ങളിലാണ് ആർആർടികൾ പുതുതായി രൂപീകരിക്കുന്നത്.

**************************************

## വാർഷികം- ആകാശവാണി

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രതിമാസ പ്രഭാഷണ പരമ്പര നാളെ കോന്നി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. പ്രശസ്ത എഴുത്തുകാരനും കാലടി ശ്രീശങ്കരാ സർവകലാശാല മുൻ പ്രോ വൈസ് ചാൻസലറുമായ ഡോ:കെ.എസ്.രവികുമാർ പ്രഭാഷണം നടത്തും. ശാസ്താംകോട്ട ആദി നാട്ടറിവ് പഠനകേന്ദ്രം അവതരിപ്പിക്കുന്ന നാടൻപാട്ടും ഇതോടനുബന്ധിച്ച് നടക്കും.

****************************************

## KEAM പ്രവേശന പരീക്ഷ

സംസ്ഥാനത്ത് ഈ വർഷം മുതൽ KEAM എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശനപരീക്ഷകൾ ഓൺലൈനായി നടത്തും. 2024 ജൂൺ അഞ്ചു മുതൽ ഒൻപതു വരെ വിവിധ കേന്ദ്രങ്ങളിലാണ് പരീക്ഷ. ഒരു ലക്ഷത്തി പതിമൂവായിരത്തി 447 വിദ്യാർത്ഥികൾ പരീക്ഷയെഴുതും. പരീക്ഷയ്ക്കായുള്ള അഡ്മിറ്റ് കാർഡ്, ക്യാൻഡിഡേറ്റ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്.

RNUTVPM

****************************************

## പ്ലസ്സ് വൺ അലോട്മെന്റ്

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ആദ്യ അലോട്ട്മെന്റ് അടുത്ത മാസം അഞ്ചിനും രണ്ടാം അലോട്ട്മെന്റ് 12നും മൂന്നാം അലോട്ട്മെന്റ് 19നും പ്രസിദ്ധീകരിക്കും. പ്ലസ് വൺ ക്ലാസുകൾ 24ന് ആരംഭിക്കും.

****************************************

## തൃശ്ശൂർ -മുളങ്കൂട്ടം കടപുഴകി

അതിരപ്പിള്ളി - തുമ്പൂർമുഴി റോഡിലേക്ക് കൂറ്റൻ മുളങ്കൂട്ടം കടപുഴകി വീണു. ഇതുവഴിയുള്ള വാഹനഗതാഗതം തടസ്സപ്പെട്ടു.

****************************************

## യുവാവ് കല്ലാറിൽ ചാടി

കോന്നി മുണ്ടോമൂഴി പാലത്തിൽ നിന്നും കല്ലാറിലേക്ക് എടുത്തു ചാടിയ യുവാവിനായി ഫയർ ഫോഴ്സും, സ്കൂബാ ടീമും, തിരച്ചിലാരംഭിച്ചു. കോന്നി തണ്ണിത്തോട് സ്വദേശി സുധിയാണ് സുഹൃത്ത് നോക്കിനിൽക്കേ കല്ലാറിലേക്ക് ചാടിയത്.

*

********************

**********************************************************

RNU TVPM